കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കുഴിമണ്ണ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എം.പി.എം.22/2198/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം
തീയതി.25-10-2017

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ്,

(സെക്രട്ടറി മുഖേന)

കുഴിമണ്ണ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :കുഴിമണ്ണ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുഴിമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട്, Aims വെബ്സൈറ്റ് മുഖേന പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടര്

3)കാര്യാലയ പകർപ്പ്

mac.11/17

നം കെ.എസ്.എ.എം.പി.എം.22/2198/2017 തീയ്യതി:25-10-2017

മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗ്രാമ പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗ്രാമ പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 26/10/2016 മുതൽ11/09/2017 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

--------------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ. എസ്. ഷാജഹാൻ,ഡെപ്യൂട്ടി ഡയറക്ടർ.

--------------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 26-09-2017 മുതൽ 10-10-2017വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. സി.പി.അബ്ദുൽ സത്താർ. | ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് സലീം.ടി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ശംസിയ.കെ | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ.പി.കെ മൂസ്സ | 01.04.2016 മുതൽ 31.03.2017 വരെ |

സെക്രട്ടറി

| | |
|---|---|
| 1.ശ്രീ.സുനിൽ കുമാർ.പി.പി | 01.04.2016 മുതൽ 18.08.16 വരെ |
| 2.ചന്ദ്രഹാസൻ.ജി, അസിസ്റ്റന്റ് സെക്രട്ടറി(ചാർജ്) | 19.08.2016 മുതൽ 05.09.16(FN) വരെ |
| 3.ശ്രീ.പ്രദീപ്. പി.ജി, അസിസ്റ്റന്റ് സെക്രട്ടറി(ചാർജ്) | 05.09.16(AN) മുതൽ 10.01.2017(FN) വരെ |
| 4.സലീം പാഷ എസ്.ഇ അസിസ്റ്റന്റ് സെക്രട്ടറി(ചാർജ്) | 10.01.2017(AN)മുതൽ 11.01.2017(AN) വരെ |
| 5.യോഗീന്ദ്ര ദേവൻ | 12.01.2017മുതൽ 19.03.2017 വരെ |
| 6.സലീം പാഷ എസ്.ഇ അസിസ്റ്റന്റ്സെക്രട്ടറി(ചാർജ്) | 20.03.2017മുതൽ 31.03.2017 വരെ |

മറ്റു നിർവഹണ ഉദ്യോഗസ്ഥർ.

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| 2.വെറ്ററിനറിസർജൻ | ഡോ.കണ്ണൻ.കെ.എസ് | 01.04.2016 മുതൽ 31.03.2017 വരെ |
| 3.മെഡിക്കൽഓഫീസർ (പി.എച്ച്.സി) | ഡോ. മർവ്വ കുഞ്ഞീൻ | 01.04.2016മുതൽ31.03.2017 വരെ |
| 4.മെഡിക്കൽഓഫീസർ (ഹോമിയോ) | ഡോ. റിയാസ് | 01.04.2016 മുതൽ 31.03.2017 വരെ |
| 6.വില്ലേജ്എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി.മീനാക്ഷി.ടി | 01.04.2016മുതൽ 16.01.2017 വരെ |
| | ശ്രീമതി.ആശ | 17.01.2017 മുതൽ 31.03.2017 വരെ |
| 7.ഐ.സി.ഡി.എസ്സൂപ്പർവൈസർ | ശ്രീമതി.സുഫൈറത്ത് | 01.04.2016 മുതൽ 31.03.2017 വരെ |
| 8.അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.മൂസ്സ.വി.കെ | 01.04.2016മുതൽ 31.03.2017 വരെ |
| 9.ഹെഡ് മാസ്റ്റർ | ശ്രീ. അബ്ദുസ്സമദ്.എച്ച്.എം | 01.04.2016 മുതൽ 31.03.2017 വരെ |
| 10.അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.പൌളിൻജോസഫ് | 01.04.2016 മുതൽ 05.09.2016(FN) വരെ |
| | ശ്രീ.പ്രദീപ്. പി.ജി | 05.09.2016(AN) മുതൽ 10.01.2017 വരെ |
| | ഒഴിവ് | 11.01.2017മുതൽ31.03.2017 |

ഉള്ളടക്കം

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രികപരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | ഡി & ഒ ലൈസൻസ് - വിവിധ അപാകതകൾ | 2-1 | |
| 13 | വസ്തു നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 2-2 | |
| 14 | തൊഴിൽ നികുതി അടവാക്കുന്നത് സംബന്ധിച്ച് | 2-3 | |
| 15 | തൊഴിൽ നികുതി അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 2-4 | |
| 16 | വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ | 2-5 | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 14 | ഗുണഭോക്തൃ സമിതികളുടെ ചെലവു കണക്കുകൾ ഹാജരാക്കേണ്ടതാണ്. | 3-1 | |
| 15 | കരാർ വച്ച പൂർത്തിയാക്കാത്ത പ്രവൃത്തികൾ നിരീക്ഷിക്കുന്നില്ല. | 3-2 | |
| 16 | അർഹതയില്ലാത്ത ഗുണഭോക്തൃസമിതികളെ പ്രവൃത്തിഏല്പിച്ചു. | 3-3 | |
| 17 | ടാർ വാങ്ങൽ : പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. | 3-4 | |
| 18 | അസിസ്റ്റന്റ് എഞ്ചിനിയറുടെ പദ്ധതികളിലെ അപാകതകൾ | 3-5 | |
| 19 | കുടിവെള്ള പദ്ധതികളുടെ റിപ്പയർ : പഴയ മോട്ടോർ വില ഈടാക്കിയിട്ടില്ല | 3-6 | |

| | | | |
|---|---|---|---|
| 20 | ക്രമീകരിക്കാത്ത മുൻകൂറുകൾ | 3-7 | |
| 21 | കറന്റ് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്. | 3-8 | |
| 22 | വാറ്റ് ഈടാക്കേണ്ടതാണ്. | 3-9 | |
| 23 | ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-10 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 32 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 33 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 35 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 36 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 37 | ഓഡിറ്റ് റിക്കവറി | 4-6 | |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 41 | അനുബന്ധം: ഓഡിറ്റ് സാക്ഷ്യപത്രം | | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17ലെ ബജറ്റ് 19-03-2016ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.പുതുക്കിയ ബജറ്റ് 28-03-2017ലെ 1(1)തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-07-2017 | 05-07-2017 | - | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | (ഓഡിറ്റിന്റെഭാഗമായി) | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട് |

ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക കണക്കും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു

1. ഡെപ്പോസിറ്റ് രജിസ്റ്റർ, തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, ഡി & ഓ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ എന്നിവയുടെ വാർഷിക സംഗ്രഹം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ക്ലോസ് ചെയ്തിട്ടില്ല.

2. വസ്തു നികുതി ഡിമാന്റ് റജിസ്റ്ററിൽ റസിഡൻഷ്യൽ കെട്ടിടങ്ങളുടെയും നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെയും വസ്തു നികുതിയുടെ ഡിമാന്റ്, ബാലൻസ് കണക്കുകൾ ഇനം തിരിച്ച് തയ്യാറാക്കിയിട്ടില്ല. അതിനാൽ വാർഷിക കണക്കിലെ ഇത് സംബന്ധിച്ച തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

3. മുൻവർഷ വാർഷിക കണക്ക് പ്രകാരം receivables for property tax ശീർഷകങ്ങളിലെ കുടിശ്ശികക്കണക്കുകളും 16-17- ലെ ഈ ശീർഷകങ്ങളിലെ കണക്കുകളും പരസ്പരം പൊരുത്തപ്പെടുന്നില്ല.

4. നെല്ലുൽപ്പാദന ബോണസ് 20000 രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ടെങ്കിലും അതിന്റെ വരവ്ചെലവ് അക്കൗണ്ട് ചെയ്തിട്ടില്ല.

5. വികസനഫണ്ട് (ടി.എസ്.പി) ഹെഡിൽ 5604 രൂപ ബി-4 പത്രിക പ്രകാരം ബാധ്യത രേഖപ്പെടുത്തിയത് ശരിയല്ല.

6.അഡ്വാൻസ് റജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അതിനാൽ ബി-18 പത്രികയുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,01,59,333 |
| വരവ് | 4,59,74,426 |
| ആകെ | 5,61,33,759 |
| ചെലവ് | 4,28,44,210 |
| നീക്കിയിരുപ്പ് | 1,32,89,549 |

## 1-5 ഫണ്ട് വിനിയോഗം

2016-17

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ചെലവ് ശതമാനം | നീക്കിയിരിപ്പ് 40(b) പ്രകാരം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,08,62,726 | 1,08,62,726 | 82,16,359 | 26,46,367 | 75.6 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 59,01,318 | 59,01,318 | 28,32,065 | 30,69,253 | 47.99 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 5,604 | 5,604 | 5,604 | - | 100 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1,27,75,971 | 1,27,75,971 | 60,50,979 | 67,24,992 | 47.36 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 29,86,419 | 29,86,419 | 19,00,140 | 10,86,279 | 63.6 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 60,92,617 | 60,92,617 | 32,41,153 | 28,51,464 | 53.1 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 31,94,947 | 31,94,947 | 15,31,870 | 16,63,077 | 47.94 | 0 |
| എം. ജി. എൻ. ആർ. ഇ. ജി. എസ്. | 2,940 | 2,32,95,914 | 2,32,98,854 | 2,32,72,009 | | 99.88 | 26,845 |
| ബി ഫണ്ട് | 0 | 3,90,42,485 | 3,90,42,485 | 3,90,42,485 | 0 | 100 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | (എണ്ണം) | | | | (എണ്ണം) | | ശതമാനം |
| 2016-17 | 282 | 6,02,02,632 | 184 | 3,04,39,181 | - | 98 | 65.24 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തനത് വരുമാനം

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം വർധന ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 38,07,844 | 50,94,825 | (+)12,86,981 | (+)33.79 |
| നികുതിയേതര വരവുകൾ | 8,53,162 | 8,75,371 | (+)22,209 | (+)2.6 |
| മറ്റുവരവുകൾ | 7,936 | 3,583 | (-)4353 | (-)54.85 |
| ആകെ | 46,68,942 | 59,73,779 | 13,04,837 | (+)27.94 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 6,80,640 | 405 |
| കർഷകതൊഴിലാളി പെൻഷൻ | 55,80,480 | 611 |
| വിധവാപെൻഷൻ | 96,57,890 | 936 |
| വാർദ്ധക്യകാലപെൻഷൻ | 1,90,26,110 | 1673 |
| വികലാംഗപെൻഷൻ | 34,94,575 | 376 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 2,22,790 | 25 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 3,60,000 | 12 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് 13-09-2017 തിയ്യതിയിൽ 11.10 AM ന് നടത്തി. കാഷ് ബാലൻസ് 17,620 രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1). തൻവർഷം ചെയ്ത മരാമത്തു പ്രവൃത്തികളിലൂടെ ആർജ്ജിച്ചവയും, ഗ്രാമ പഞ്ചായത്തിനു വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെ പുതിയ വാങ്ങലുകളും ഉൾപ്പെടെ, എല്ലാ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

2).സാധനസാമഗ്രികൾ വാങ്ങിയാൽ ബില്ലിൽ എണ്ണം, ഗുണമേന്മ എന്നിവ സംബന്ധിച്ച സാക്ഷ്യപത്രം, സ്റ്റോക്കിലെടുത്ത വിവരം, അനുവദിച്ച തുക എന്നിവ സംബന്ധിച്ച സാക്ഷ്യ പത്രം രേഖപ്പെടുത്തണമെന്ന സ്റ്റോർ പർച്ചേസ് മാനുവൽ നിർദേശം പാലിക്കപ്പെടുന്നില്ല.

3)പഞ്ചായത്തിന്റെ വെബ്സൈറ്റിൽ ബജറ്റ്, ഗുണഭോക്തൃ ലിസ്റ്റ് തുടങ്ങി നിയമാനുസൃതം പരസ്യപ്പെടുത്തേണ്ട എല്ലാ വിവരങ്ങളും ചേർത്തിട്ടില്ല. വെബ്സൈറ്റിൽ ചേർക്കുന്ന വിവരങ്ങൾ എല്ലാവർക്കും കാണുവാൻ കഴിയുന്ന ഫോർമാറ്റിലായിരിക്കണമെന്ന നിർദേശവും പാലിക്കേണ്ടതാണ്.

4). നിർവഹണ ഉദ്യോഗസ്ഥർ പഞ്ചായത്തിനു നല്കുന്ന Annexure-C-VIII-ലുള്ള പ്രതിമാസ ചെലവു പത്രികയുടെ റിമാർക്സിൽ ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില പഞ്ചായത്തിനെ അറിയിക്കേണ്ടതും, പഞ്ചായത്ത് ബാലൻസ് ഷീറ്റിൽ ഇക്കാര്യം ഉൾപ്പെടുത്തേണ്ടതുമാണ്.

5) പഞ്ചായത്തിനു കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലടക്കം എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കണമെന്ന നിർദേശം ശരിയായി പാലിക്കപ്പെടുന്നില്ല. പേഴ്സണൽ രജിസ്റ്ററിൽ പതിവുകൾ തീർപ്പാക്കിയ വിവരവും, മേലുദ്യോഗസ്ഥർ പരിശോധിച്ച വിവരങ്ങളും ചേർത്തു കാണുന്നില്ല. MOP നിർദേശങ്ങൾ ഇക്കാര്യത്തിൽ പാലിക്കേണ്ടതാണ്.

6) ടി സ്ഥാപനങ്ങളിലെല്ലാം സ്ഥലം മാറ്റമടക്കമുള്ള സന്ദർഭങ്ങളിൽ ചുമതലാ കൈമാറ്റം നടക്കുമ്പോൾ അക്കാര്യം ബന്ധപ്പെട്ട രജിസ്റ്ററുകളിലും ഫയലുകളിലും രേഖപ്പെടുത്തുകയും നിയമാനുസൃതം കൈകാര്യം ചെയ്യുകയും ചെയ്യേണ്ടതാണ്. വി.ഇ.ഒ, അസി. എഞ്ചിനിയർ തുടങ്ങിയവർ ഇപ്രകാരം ചെയ്യാത്തതായി ഓഡിറ്റ് വേളയിൽ ശ്രദ്ധയിൽ പെടുകയുണ്ടായി.

7) ജലനിധി നടപ്പാക്കിയ പഞ്ചായത്തിൽ, പ്രസ്തുത സൗകര്യം ഉപയോഗപ്പെടുത്താതെ, കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നത് ഒഴിവാക്കേണ്ടതാണ്.

8) സ്വകാര്യ ആശുപത്രി രജിസ്ട്രേഷൻ, ട്യൂട്ടോറിയൽ രജിസ്ട്രേഷൻ, ലൈവ് സ്റ്റോക്ക് ഫാം രജിസ്ട്രേഷൻ തുടങ്ങിയ വ്യത്യസ്ത വരവിനങ്ങൾക്കായി അതാതിനു നിർണയിച്ച് അംഗീകരിച്ച രജിസ്റ്ററുകൾ തന്നെ ഉപയോഗിക്കേണ്ടതാണ്.

9) പരസ്യ നികുതി, വാടകക്കെട്ടിടങ്ങൾ കേന്ദ്രീകരിച്ചുള്ള ബിസിനസുകാരുടെ തൊഴിൽ നികുതി തുടങ്ങിയ വരവിനങ്ങളിലൂടെ തനതു വരുമാനം വർദ്ധിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12-07-2017മുതൽ 14-7-2017 വരെ | 6/2017 | റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ | 16-03-2011 മുതൽ | 2005-06മുതൽ | 16-05-2011 |

| | | | |
|---|---|---|---|
| ഓഡിറ്റ് | 28-032011 വരെ | 2009-10വരെ | |

# ഭാഗം-2

## വരവ്വ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് - വിവിധ അപാകതകൾ

1). ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2016-17സാമ്പത്തിക വർഷത്തിൽ 203 സ്ഥാപനങ്ങളാണ് ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഡി & ഒ ലൈസൻസ് എടുക്കേണ്ട എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പാക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

2).റേഷൻ കടകൾക്ക് ലൈസൻസ് അനുവദിക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ എത്ര റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട് എന്നും എല്ലാ റേഷൻ കടകൾക്കും ലൈസൻസ് അനുവദിച്ചിട്ടുണ്ടോ എന്നും അറിയിക്കേണ്ടതാണ്.

3).അപേക്ഷകളിൽ വിറ്റുവരവ് രേഖപ്പെടുത്തേണ്ടതാണ്.

പല അപേക്ഷകളിലും വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല ,കാരണം വിശദമാക്കേണ്ടതാണ്.

## 2-2 വസ്തു നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

കുഴിമണ്ണ ഗ്രാമപഞ്ചായത്ത് (കുഴിമണ്ണ വില്ലേജ് ,സർവ്വേ നമ്പർ-BL-453/1,2,461/19)പരിധിയിൽ പ്രവർത്തിക്കുന്ന ശ്രീ. ഉമ്മർ ഹാജി,താനാരി (ഹൌസ്), കുഴിമണ്ണ(po)എന്നവരുടെ ഉടമസ്ഥതയിലുള്ള ഓഡിറ്റോറിയത്തിന്റെ അനധികൃതമായി നടത്തിയ നിർമ്മാണം പൊളിച്ച് നീക്കി വസ്തു നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി അടവാക്കുന്നത് സംബന്ധിച്ച്

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ തൊഴിൽനികുതി അടവാക്കിയിട്ടില്ല.

1.അൽ അബീർ ഹോസ്പിറ്റൽ,കിഴിശ്ശേരി-(2അർദ്ധ വർഷങ്ങളിലെയും ജിവനക്കാരുടെ തൊഴിൽനികുതി,സ്ഥാപന തൊഴിൽനികുതി)

2.കെ എസ് ഇ ബി ട്രാൻസ്മിഷൻ സർക്കിൾ-(2അർദ്ധ വർഷങ്ങളിലെയും സ്ഥാപന തൊഴിൽനികുതി)

3.കെ എസ് ഇ ബി കിഴിശ്ശേരി-(2അർദ്ധ വർഷങ്ങളിലെയും സ്ഥാപന തൊഴിൽനികുതി)

4.ബി എസ് എൻ എൽ-(2അർദ്ധ വർഷങ്ങളിലെയും സ്ഥാപന തൊഴിൽനികുതി)

8.സപ്ലൈ കോ മാവേലി സ്റ്റോർ-(2ാം അർദ്ധ വർഷത്തെ സ്ഥാപന തൊഴിൽനികുതി)

9.മേലേ പുരക്കൽ ഹോസ്പിറ്റൽ-(2ാം അർദ്ധ വർഷത്തെ സ്ഥാപന തൊഴിൽനികുതി)
തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം-13 പ്രകാരം സെക്രട്ടറിക്ക് ഓരോ

കെട്ടിട ഉടമയോടും തങ്ങൾ വാടകക്ക് നൽകിയ കെട്ടിടം ഏത് ഉപയോഗത്തിനാണ് വാടകക്ക് നൽകിയിട്ടുള്ളത് എന്നും കൈവശക്കാരൻ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കാൻ ബാധ്യസ്ഥരാണോയെന്നും ആവശ്യപ്പെടാവുന്നതാണെന്ന വ്യവസ്ഥയുണ്ട്. 18 വാർഡുകളിലും മൈക്ക് അനൗൺസ്മെന്റ് നടത്തി ഡി & ഒ ലൈസൻസും തൊഴിൽ നികുതിയും അടവാക്കാൻ ആവശ്യപ്പെടുകയും തൊഴിൽ നികുതി അടവാക്കുന്നതിന് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട് എന്നും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്ന മുറക്ക് മുഴുവൻ കച്ചവട സ്ഥാപനങ്ങളെകൊണ്ടും ഡി & ഒ ലെസൻസ് എടുപ്പിച്ച് തൊഴിൽ നികുതി അടപ്പിക്കാൻ നടപടി സ്വികരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എല്ലാ വാടക കെട്ടിട ഉടമയോടും വിവരം ആവശ്യപ്പെട്ട് തൊഴിൽ നികുതി ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 2-5 വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ

18 വാർഡുകളിലും മൈക്ക് അനൗൺസ്മെന്റ് നടത്തി ഡി & ഒ ലൈസൻസും തൊഴിൽ നികുതിയും അടവാക്കാൻ ആവശ്യപ്പെടുകയും തൊഴിൽ നികുതി അടവാക്കുന്നതിന് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട് എന്നും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്ന മുറക്ക് മുഴുവൻ കച്ചവട സ്ഥാപനങ്ങളെകൊണ്ടും ഡി & ഒ ലൈസൻസ് എടുപ്പിച്ച് തൊഴിൽ നികുതി അടപ്പിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകൾ (ച.മീറ്ററിന്) പ്രകാരം 100 ച.മീറ്ററിർ വരെ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 30/- രൂപയും, 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ,ഷോപ്പുകൾ,ഗോഡൌൺ എന്നിവക്ക് 50/- രൂപയുമാണ് . എന്നാൽ താഴെ ചേർത്തിട്ടുള്ള കെട്ടിടങ്ങൾക്ക് മേൽ നിരക്കിൽ വസ്തു നികുതി ചുമത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| | ഉടമസ്ഥൻ | ശ്രീ.കരീക്കുന്നൻ ഹുസൈൻ ഹാജി,പൈക്കാട്ട്,കുഴിമണ്ണ. |
| 1 | കെട്ടിട നമ്പർ | 131/F |
| | അസസ്മെന്റ് തിയ്യതി | 8.04.2016 |
| | ഉപയോഗം | വാണിജ്യം |
| | പ്ലിന്ത് ഏരിയ | 224.5ച.മി |
| | ഈടാക്കേണ്ട വസ്തു നികുതി | [224.5*50 (+20% വർദ്ധനവ്)] + 5% LC = 14143.5 |
| | ഈടാക്കിയ വസ്തു നികുതി | [224.5*30 +20% വർദ്ധനവ്)] + 5% LC = 8487 |
| | കുറവ് | 5657രൂപ +269.4LC |
| 2 | കെട്ടിട നമ്പർ | 131/L |

| | | |
|---|---|---|
| | അസസ്മെന്റ് തിയ്യതി | 8.04.2016 |
| | ഉപയോഗം | വാണിജ്യം |
| | പ്ലിന്ത് ഏരിയ | 224.5ച.മി |
| | ഈടാക്കേണ്ട വസ്തു നികുതി | ([224.5*50 (+20% വർദ്ധനവ്)]-404.1(ബഹുനിലവാണിജ്യം)) + 5% LC = 13065.9+653LC |
| | ഈടാക്കിയ വസ്തു നികുതി | ([224.5*30 (+20% വർദ്ധനവ്)] -404.1(ബഹുനിലവാണിജ്യം))+ 5% LC+ = 7678+384LC |
| | കുറവ് | 5388+269LC |
| | ആകെ കുറവ് | 11045+538 LC |

കുറവു വന്ന തുക ഈടാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഗുണഭോക്തൃ സമിതികളുടെ ചെലവു കണക്കുകൾ ഹാജരാക്കേണ്ടതാണ്.

2016-17 വർഷം അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തുന്നതിനായി 209 പ്രൊജക്ടുകളാണ് തയ്യാറാക്കിയിരുന്നത്. അതിൽ 138 (66%) എണ്ണത്തിന്, ഭാഗിക ബില്ലടക്കം, ചെലവുണ്ടായിട്ടുണ്ട്. ഇതിൽ 33 എണ്ണത്തിന് ടാർ വില മാത്രം പിൻവലിച്ച് സെക്രട്ടറിക്ക് നല്കിയ ചെലവാണുള്ളത്. അവശേഷിക്കുന്ന 105 പ്രൊജക്ടുകളിൽ 2 എണ്ണമൊഴികെയുള്ളതെല്ലാം ഗുണഭോക്തൃ സമിതികൾ വഴിയാണ് നടപ്പാക്കിയിട്ടുള്ളത്. എന്നാൽ ഗുണഭോക്തൃ സമിതികളുടെ താഴെ പറയുന്ന രേഖകൾ ഫയലിൽ കാണുന്നില്ല.

1) ഗുണഭോക്തൃ സമിതിയുടെ പേരിൽ അക്കൗണ്ട് തുടങ്ങിയ രേഖകൾ കാണുന്നുണ്ടെങ്കിലും , ടി അക്കൌണ്ടിലൂടെ പ്രൊജക്ടുമായി ബന്ധപ്പെട്ട വരവു ചെലവുകൾ നടത്തിയതിന്റെ രേഖപ്പെടുത്തലുകൾ കാണുന്നില്ല.

2) പ്രവൃത്തികൾക്കായി സാധനസാമഗ്രികൾ വാങ്ങിയതിന്റെ വാണിജ്യ നികുതി വകുപ്പ് അംഗീകരിച്ച ബില്ലുകൾ ഫയലിൽ ഇല്ല. കരിങ്കല്ല്, മെറ്റൽ, ചെങ്കല്ല്, മണൽ, ക്വാറി മക്ക് എന്നിവ വാങ്ങിയതിന് വെള്ളക്കടലാസിലുള്ള കൈപ്പറ്റ് രസീതികൾ മാത്രമാണുള്ളത്.

അപാകതൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 3-2 കരാർ വച്ച പ്രവൃത്തികൾ പൂർത്തിയാക്കാത്തത് നിരീക്ഷിക്കുന്നില്ല.

മുൻ വർഷങ്ങളിൽ കരാറിലേർപ്പെട്ട പല പ്രവൃത്തികളും യഥാസമയം പൂർത്തിയാക്കിയിട്ടില്ല. എന്നാൽ അവയുടെ കാരണവും, കരാറിലേർപ്പെട്ടവർക്കെതിരെ സ്വീകരിച്ച നടപടികളും വിശദമാക്കുവാൻ അസി. എഞ്ചിനിയർക്ക് സാധിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി മുഖേന വിവരങ്ങൾ ആരാഞ്ഞപ്പോൾ, സ്പിൽ ഓവർ പ്രൊജക്ടുകൾ തയ്യാറാക്കിയ 25 പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ മാത്രമാണ് വിശദീകരിച്ചത്.
കരാർ രജിസ്റ്ററിൽ പൂർത്തീകരണ തിയ്യതി രേഖപ്പെടുത്തുകയും, ടി തിയ്യതിക്കകം പൂർത്തിയാക്കാത്ത കൺവീനർമാരുടെയടക്കം എല്ലാ പ്രവൃത്തികളുടെയും തുടർനടപടികൾ സ്വീകരിക്കേണ്ടതും, വിശദീകരണം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

## 3-3 അർഹതയില്ലാത്ത ഗുണഭോക്തൃസമിതികളെ പ്രവൃത്തി ഏല്പിച്ചു.

GO(MS)4/2016/തസ്വഭവ.തി:11-1-16 പ്രകാരമുള്ള പദ്ധതി മാർഗരേഖയുടെ അനുബന്ധം 15ലെ ഖണ്ഡിക7.11(1) 4 പ്രകാരം പ്രാപ്തിയുള്ള PTA കമ്മറ്റി, അംഗൻവാടി വെൽഫയർ കമ്മറ്റി തുടങ്ങിയവയെയാണ് ടി സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ഗുണഭോക്തൃസമിതികളായി കണക്കാക്കിയിട്ടുള്ളത്. കൂടാതെ LSGD ചീഫ് എഞ്ചിനിയറുടെ 13-11-14ലെ സർക്കുലർ നം. 1/1559/2010/CE/LSGD പ്രകാരം, ഓഫീസ് കെട്ടിടങ്ങളുടെ നിർമാണം ഗുണഭോക്തൃസമിതികളെ ഏല്പിക്കുവാൻ പാടില്ലാത്തതുമാണ്. ഇതിനു വിരുദ്ധമായി താഴെ പറയുന്ന സർക്കാർ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായി ടി കമ്മറ്റി അംഗങ്ങളെ ഉൾപ്പെടുത്തി മറ്റൊരു ഗുണഭോക്തൃസമിതി രൂപീകരിച്ച് പ്രവൃത്തി നടത്തിയതായി കാണുന്നു. ഒരേ സ്ഥാപനത്തിലെ വ്യത്യസ്ത പ്രവൃത്തികൾക്കായി വ്യത്യസ്ത ഗുണഭോക്തൃസമിതികൾ രൂപീകരിച്ചതായും കാണുന്നു.

ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| | പ്രൊജക്ട്നം. | പേര് | വൗച്ചർ/ബിൽ | തുക |
|---|---|---|---|---|
| 1 | 221/17 | കടുങ്ങല്ലൂർ GUPS റീഡിംഗ് റൂം (SO) | 24/30-3-17 | 1,23,562 |
| 2 | 39/17 | കടുങ്ങല്ലൂർGUPSസ്റ്റേജ്പൂർത്തീകരണവുംസ്മാർട്ട് ക്ലാസ്റൂംനിർമാണവും | 80/30-3-17 | 1,12,000 |
| 3 | 39/17 | കടുങ്ങല്ലൂർGUPSസ്റ്റേജ്പൂർത്തീകരണവുംസ്മാർട്ട് ക്ലാസ്റൂംനിർമാണവും | 20/30-3-17 | 1,72,917 |
| 4 | 212/17 | കടുങ്ങല്ലൂർ GUPS-IEDC ബിൽഡിംഗ് നിർമാണം | 25/30-3-17 | 50,000 |
| 5 | 280/17 | കടുങ്ങല്ലൂർ GUPS സ്കൗട്ട് ക്ലാസ് റൂം | 81/30-3-17 | 2,24,143 |
| 6 | 166/17 | പെരുന്തായത്ത് അംഗൻവാടി ഫ്ലോറിംഗ് | 62/30-3-17 | 75,000 |
| 7 | 200/17 | പേവുംതോട്ടം അംഗൻവാടി നവീകരണം | 77/30-3-17 | 96,722 |
| 8 | 155/17 | പേവുംതോട്ടം അംഗൻവാടി മേൽക്കൂര | 78/30-3-17 | 98,580 |

| | | | | |
|---|---|---|---|---|
| | | പൂർത്തീകരണം | | |
| 9 | 171/17 | കടുങ്ങല്ലൂർ ഹെൽത്ത് സെന്റർ റിപ്പയർ | 82/30-3-17 | 30,000 |
| 10 | 217/17 | പഴയ കൃഷിഭവൻ നവീകരിച്ച് ഗ്രാമകേന്ദ്രമാക്കൽ | 88/30-3-17 | 1,80,200 |
| 11 | 161/17 | ആലിൻചുവട് അംഗൻവാടി പരിഷ്കരണം | 91/30-3-17 | 2,50,000 |
| 12 | 159/17 | മൊടത്തിക്കുണ്ട് അംഗൻവാടി പുനരുദ്ധാരണം | 92/30-3-17 | 81,341 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
( ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.)

## 3-4 ടാർ വാങ്ങൽ : പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

ബിൽ നം.39/16-17/30-3-17 Rs. 13,78,008/-

2016-17 വർഷത്തിൽ വിവിധ പ്രവൃത്തികൾക്കായി ടാർ വാങ്ങുന്നതിനായി തുക പിൻവലിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം. | തുക |
|---|---|---|
| 1 | 32/17 | 44,183 |
| 2 | 43/17 | 28,706 |
| 3 | 45/17 | 49,706 |
| 4 | 46/17 | 53,703 |
| 5 | 48/17 | 54,451 |
| 6 | 60/17 | 48,325 |
| 7 | 61/17 | 19,330 |
| 8 | 62/17 | 57,990 |
| 9 | 63/17 | 49,706 |
| 10 | 72/17 | 38,351 |
| 11 | 74/17 | 57,275 |
| 12 | 75/17 | 12,730 |
| 13 | 76/17 | 17,720 |
| 14 | 78/17 | 64,290 |
| 15 | 88/17 | 19,057 |

| | | |
|---|---|---|
| 16 | 98/17 | 34,816 |
| 17 | 106/17 | 30,204 |
| 18 | 110/17 | 38,660 |
| 19 | 113/17 | 45,564 |
| 20 | 114/17 | 78,424 |
| 21 | 116/17 | 1,21,979 |
| 22 | 117/17 | 60,348 |
| 23 | 121/17 | 1,20,805 |
| 24 | 129/17 | 62,961 |
| 25 | 130/17 | 34,518 |
| 26 | 283/17 | 63,789 |
| 27 | 284/17 | 70,417 |
| | TOTAL | 13,78,008 |

ഇതിനു പുറമേ, താഴെ പറയുന്ന വിധത്തിലും ടാറിനു വില നല്കിയിട്ടുണ്ട്.

| | | |
|---|---|---|
| ബിൽ നം.36/16-17/30-3-17 | 77,657 | പ്രൊജക്ട് നം.135/17+138/17 |
| ബിൽ നം.37/16-17/30-3-17 | 20,158 | പ്രൊജക്ട് നം.93/17 |
| ബിൽ നം.38/16-17/30-3-17 | 71,797 | പ്രൊജക്ട് നം.270/17 |
| വൌച്ചർനം.26/16-17/30-3-17 | 20,711 | പ്രൊജക്ട് നം.55/17 |
| വൌച്ചർനം.27/16-17/30-3-17 | 13,807 | പ്രൊജക്ട് നം.85/17 |
| ടാർ അധിക വില (സെക്രട്ടറിയുടെപ്രൊജക്ട്) | 6,80,000 | പ്രൊജക്ട് നം.311/17 |
| ആകെ | 22,62,138 | |

ഓരോ പ്രൊജക്ടിനും ടാറിന്റെ ഇനവും അളവും എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയതിന്റെ രേഖകളും ബില്ലിൽ ഇല്ല.

സെക്രട്ടറിക്ക് ടാർ വാങ്ങുന്നതിനായി തുക കൈമാറിയതാണെന്ന് വിശദീകരിച്ചതിനാൽ, സെക്രട്ടറിയുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചു.താഴെ പറയുന്ന അളവിൽ ടാർ വാങ്ങിയതായി കാണുന്നു.
VG30 ടാർ 262 ബാരൽ @ 161.8kg/barrel

RS1 Emulsion 24 Barrel @ 200kg/barrel
SS1 Emulsion 49 barrel @ 181.789/ barrel
(സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 49 Kg ടാർ ബാക്കിയുണ്ട്.)
പ്രവൃത്തികൾ പൂർത്തിയാക്കിയതിന്റെയും, ടാർ സ്റ്റോക്കിലെടുത്തതിന്റെയും ഇഷ്യൂ ചെയ്തതിന്റെയും വ്യക്തമായ രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ്.

പൂർത്തീകരണ വിവരം ലഭ്യമാകുന്നതു വരെ 22,62,138 രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു.

## 3-5 അസിസ്റ്റന്റ് എഞ്ചിനിയറുടെ പദ്ധതികളിലെ അപാകതകൾ

2016-17 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ പദ്ധതികളിലെ, പൊതുവായ അപാകതകൾ താഴെ ചേർക്കുന്നു.

1) കാഷ് ബുക്കിൽ അസിസ്റ്റന്റ് എഞ്ചിനിയർ ഒപ്പു വയ്ക്കുന്നില്ല. 2016-17 വർഷത്തിൽ ഉപയോഗിക്കുന്ന 41പേജുള്ള TR 7A കാഷ് ബുക്കിന്റെ 41-ആം പേജ് റദ്ദാക്കാതെയും, തുടർന്നുള്ള രേഖപ്പെടുത്തൽ സംബന്ധിച്ച കുറിപ്പുകൾ ചേർക്കാതെയും വെറുതെയിട്ടിരിക്കുകയാണ്. രജിസ്റ്ററുകളും രേഖകളും നിയമാനുസൃതം പരിപാലിക്കേണ്ടതാണ്.

2) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. തൻവർഷം ഉണ്ടാക്കിയതും, വികസിപ്പിച്ചതുമായ ആസ്തികളുടെ വിവരങ്ങൾ ഒന്നും ചേർത്തു കാണുന്നില്ല. ഓരോ വർഷത്തിലും ഈ രജിസ്റ്റർ പുതുക്കേണ്ടതാണ്.

3) എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തികളുടെ പൂർത്തീകരണ തിയ്യതി രേഖപ്പെടുത്തേണ്ട കോളത്തിൽ യാതൊന്നും രേഖപ്പെടുത്തുന്നില്ല. ഇതു ക്രമവിരുദ്ധമായ നടപടിയാണ്.

4) GO(MS)4/2016/തസ്വഭവ.തി:11-1-16 പ്രകാരമുള്ള പദ്ധതി മാർഗരേഖയുടെ അനുബന്ധം 15ലെ ഖണ്ഡിക7.11(ii), (iv), (v) എന്നിവയിലെ നിർദേശങ്ങൾ പ്രകാരം പ്രവൃത്തികൾ വിഭജിച്ചു നിർവഹണം നടത്താൻ പാടില്ല. എന്നാൽ പല പ്രവൃത്തികളും ഇതിനു വിരുദ്ധമായി വിഭജിച്ചതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| | പ്രൊജക്ട് നം. | പേര് | തുക |
|---|---|---|---|
| 1 | 34/17 | ബദർപള്ളി പുള്ളിശ്ശീരി മാരത്തിൽ റോഡ് സൈഡ് കെട്ടൽ | 2,00,000 |
| | 36/17 | ബദർപള്ളി പുള്ളിശ്ശീരി മാരത്തിൽ റോഡ് സോളിങ്ങ് | 1,00,000 |
| 2 | 120/17 | ടീച്ചർപടി ഹോമിയോ ആശുപത്രി റോഡ് കോൺക്രീറ്റ് | 1,50,0000 |
| | 125/17 | ഹോമിയോ ആശുപത്രി ടീച്ചർപടി റോഡ് സോളിങ്ങ് | 87,775 |

| | | | |
|---|---|---|---|
| | 306/17 | ഹോമിയോ ആശുപത്രി ടീച്ചർപടി റോഡ് കോൺക്രീറ്റ് | 1,74,971 |
| 3 | 190/17 | എക്കാപറമ്പ് കൈപ്പേപറമ്പ് കോട്ടത്തടം റോഡ് രണ്ടാം ഘട്ടം | 1,00,000 |
| | 192/17 | എക്കാപറമ്പ് കൈപ്പേപറമ്പ് കോട്ടത്തടം റോഡ് (SO) | 86,565 |
| 4 | 40/17 | കടുങ്ങല്ലൂർ കട്ടക്കടവ് സ്കൂൾ ഫൂട്ട്പാത്ത് കോൺക്രീറ്റും സൈഡ് പ്രൊട്ടക്ഷനും (New) | 50,000 |
| | 243/17 | കടുങ്ങല്ലൂർ കട്ടക്കടവ് സ്കൂൾ ഫൂട്ട്പാത്ത് കോൺക്രീറ്റ് (New) | 50,000 |
| 5 | 39/17 | കടുങ്ങല്ലൂർ GUPS സ്റ്റേജ് പൂർത്തീകരണവും സ്മാർട്ട് ക്ലാസ് റൂം നിർമാണവും | 3,12,000 |
| | 212/17 | കടുങ്ങല്ലൂർ GUPS-IEDC ബിൽഡിംഗ് നിർമാണം | 4,50,000 |
| | 221/17 | കടുങ്ങല്ലൂർ GUPS റീഡിംഗ് റൂം (SO) | 1,50,000 |
| | 280/17 | കടുങ്ങല്ലൂർ GUPS സ്കൗട്ട് ക്ലാസ് റൂം | 2,32,582 |
| 6 | 65/17 | ലക്ഷംവീട് റോഡ് സൈഡ് കെട്ടൽ | 40,000 |
| | 244/17 | ലക്ഷംവീട് റോഡ് കോൺക്രീറ്റ് | 1,00,000 |
| 7 | 44/17 | നീരുട്ടിക്കൽ കുന്നത്ത് റോഡ് സൈഡ് പ്രൊട്ടക്ഷൻ | 2,00,000 |
| | 256/17 | നീരുട്ടിക്കൽ കുന്നത്ത് റോഡ് സൈഡ് കെട്ട് | 1,00,000 |

5) ടി ഉത്തരവിലെ ഖണ്ഡിക 7.12.4 പ്രകാരം ജലനിധി പദ്ധതി നടപ്പാക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കുടിവെള്ള വിതരണ പ്രൊജക്ടുകൾ ഏറ്റെടുക്കേണ്ടതില്ല. കുഴിമണ്ണ ഗ്രാമ പഞ്ചായത്തിൽ ജലനിധി പദ്ധതി നടപ്പാക്കിയിട്ടുണ്ടെങ്കിലും, താഴെ പറയുന്ന കുടിവെള്ള പദ്ധതികൾ നടപ്പാക്കിയതായി കാണുന്നു.

| | പ്രൊജക്ട് നം. | പേര് | ചെലവ്/അടങ്കൽ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 165/17 | പെരുന്തായത്ത് പൊതുകിണറിന് മോട്ടോർ സ്ഥാപിക്കൽ | 38,200/50,000 |
| 2 | 195/17 | പനങ്ങോട്ടിൽ കുടിവെള്ള പദ്ധതി | 0/1,50,000 |
| 3 | 204/17 | അത്തിക്കാട്ട് SC കുടിവെള്ള പദ്ധതി | 2,88,094/5,00,000 |
| 4 | 205/17 | തൈക്കുന്നത്ത് കുടിവെള്ള പദ്ധതി നവീകരണം | 3,54,017/4,00,000 |
| 5 | 206/17 | മുണ്ടംകോട്ട SC കുടിവെള്ള പദ്ധതി റിപ്പയർ | 0/2,00,000 |
| 6 | 207/17 | പാലശ്ശേരിപ്പറ്റ SC കുടിവെള്ള പദ്ധതി റിപ്പയർ | 86,920/1,00,000 |
| 7 | 208/17 | കോതോടി കുടിവെള്ള പദ്ധതിക്ക് പമ്പ് ഹൌസും വൈദ്യുതീകരണവും | 0/50,000 |
| 8 | 209/17 | പള്ളിക്കുന്ന് പൊതുകിണർ റിപ്പയർ | 95,045/1,00,000 |
| 9 | 210/17 | മുണ്ടക്കമല മഠത്തിൽ കുടിവെള്ള പദ്ധതി റിപ്പയർ | 1,35,861/2,00,000 |
| 10 | 313/17 | മുണ്ടം പറമ്പ് നെല്ലിക്കുന്ന് ഹരിജൻകോളനി കുടിവെള്ളപദ്ധതിക്ക് മോട്ടോറും അനിബന്ധ പ്രവൃത്തികളും | 0/1,90,700 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
( ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.)

## 3-6 കുടിവെള്ള പദ്ധതികളുടെ റിപ്പയർ : പഴയ മോട്ടോർ വില ഈടാക്കിയിട്ടില്ല

1) ബിൽ നം. 87/16-17/30-3-17 Rs. 2,88,094(Part bill)

പ്രൊജക്റ്റ് നം. 204/17: അത്തിക്കാട്ട്പറമ്പ് SC കുടിവെള്ള പദ്ധതി

AS & TS : 5,00,000

കരാർ നം. 3/13-10-16

M Book: 96/16-17 & 97/16-17

ഈ പ്രവൃത്തിയുടെ ഇനം 14 പ്രകാരം നിലവിലുള്ള 5HP മോട്ടോർ മാറ്റി പുതിയ 5HP മോട്ടോർ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പഴയ മോട്ടോറിന്റെ വില ഈടാക്കിയിട്ടില്ല. ആയതു കണക്കാക്കി ഈടാക്കേണ്ടതാണ്.

2) വൗച്ചർ നം. 23/16-17/30-3-17 Rs. 1,50,957(Part bill) (തനത്ഫണ്ട്)

പ്രൊജക്ട് നം. 210/17: മുണ്ടക്കമല മഠത്തിങ്ങൽ കുടിവെള്ള പദ്ധതി

AS & TS : 2,00,000

കരാർ നം. 80/3-3-16

M Book: 105/16-17

ഈ പ്രവൃത്തിയുടെ ഇനം 1 പ്രകാരം നിലവിലുള്ള 5HP മോട്ടോർ മാറ്റി പുതിയ 10 HP മോട്ടോർ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പഴയ മോട്ടോറിന്റെ വില ഈടാക്കിയിട്ടില്ല. ആയതു കണക്കാക്കി ഈടാക്കേണ്ടതാണ്.

3). വൗച്ചർ നം. 8/16-17/9-2-17 Rs. 95,045(തനത്ഫണ്ട്)

പ്രൊജക്ട് നം. 209/17: പള്ളിക്കുന്ന് പൊതുകിണർ റിപ്പയർ. [ സ്പിൽ ഓവർ ( 304/16)]

AS & TS : 1,00,000

കരാർ നം. 81/3-3-16

M Book: 13/16-17

ഈ പ്രവൃത്തിയിലൂടെ പള്ളിക്കുത്ത് വാട്ടർ സപ്ലൈ സ്കീമിന്റെ പൈപ്പുകളും മോട്ടോറും കേടുവന്നതു കാരണം പമ്പിംഗ് നിലച്ചതു പുനഃസ്ഥാപിക്കുകയാണ് ഉദ്ദേശമെന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉണ്ട്. നിലവിലുള്ള 5HP മോട്ടോർ മാറ്റി പുതിയ 5HP മോട്ടോർ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പഴയ മോട്ടോറിന്റെ വില ഈടാക്കിയിട്ടില്ല. ആയതു കണക്കാക്കി ഈടാക്കേണ്ടതാണ്.
( വില ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.)

## 3-7 ക്രമീകരിക്കാത്ത മുൻകൂറുകൾ

ഗ്രാമ പഞ്ചായത്ത് 2016-17-ൽ വൗച്ചർ നമ്പർ 21600340/7.9.16 പ്രകാരം 130000രൂപ ഓണം അഡ്വാൻസ് നൽകിയിട്ടുണ്ട്. ജി..(പി) നമ്പർ 129/16/ധന 1.9.16 ഉത്തരവ് പ്രകാരം നൽകിയ ഓണം അഡ്വാൻസ് ഒക്ടോബർ 2016 മുതലുള്ള 5 മാസത്തെ ശമ്പളത്തിൽനിന്നും തുല്യഗഡുക്കളായി ഈടാക്കേണ്ടതാണ്. എന്നാൽ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. പ്രദീപ്, അക്കൗണ്ടന്റ് ശ്രീ. സൂരജ് എന്നിവരിൽനിന്നും 3 ഗഡുക്കൾ (9000 രൂപ വീതം)മാത്രമേ ഈടാക്കിയിട്ടുള്ളൂ. അവശേഷിക്കുന്ന 12000 രൂപകൂടി പിന്നീട് ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25) മറുപടി നൽകിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് ഹെഡ് ക്ലാർക് ശ്രീ. സലീം പാഷക്ക് കരട് പ്രൊമോഷൻ ലിസ്റ്റിനെതിരെ അദ്ദേഹം നൽകിയ പരാതിയിൽ ഹിയറിംഗിനു തിരുവനന്തപുരത്ത് പഞ്ചായത്ത് ഡയറക്ടർ മുമ്പാകെ ഹാജരാകുന്നതിനു ടി.എ അഡ്വാൻസ് നൽകുന്നതിനായി വൗച്ചർ നമ്പർ 21600519/7.12.16 പ്രകാരം 1000രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19) മറുപടി നൽകിയിട്ടില്ല.

1. ടി.എ അഡ്വാൻസ് മൂന്നു മാസത്തിനകം ക്രമീകരിച്ചിട്ടില്ല. അതിനു ശേഷം ക്രമീകരിച്ചിട്ടുണ്ടെങ്കിൽ എപ്രകാരമാണ് ക്രമീകരിച്ചത് എന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2.വ്യക്തിപരമായ പരാതിയുമായി ബന്ധപ്പെട്ട യാത്രകൾക്ക് ടി.എ അനുവദിക്കുന്നതിനാധാരമായ നിയമം ഉണ്ടെങ്കിൽ ലഭ്യമാക്കേണ്ടതാണ്.

യഥാസമയം തിരിച്ചടക്കാത്ത അഡ്വാൻസ് കെ.എഫ്.സി. അർട്ടിക്ക്ൾ 99 പ്രകാരം 12% പലിശ സഹിതം

ഈടാക്കേണ്ടതാണ്.

വാർഷിക കണക്ക് ബി-18 പത്രിക പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് 20000 രൂപയുണ്ട്. അതിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 3-8 കറന്റ് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.

ഗ്രാമ പഞ്ചായത്ത് തനത്ഫണ്ട് സൂക്ഷിക്കുന്നത് 2 ബാങ്ക് അക്കൗണ്ടുകളിലാണ്. ഇതിൽ ബാങ്ക് ഓഫ് ഇന്ത്യയുടെ കിഴിശ്ശേരി ബ്രാഞ്ചിലെ 858920110000025 നമ്പർ അക്കൗണ്ട് കറന്റ് അക്കൗണ്ടാണ്. ഈ അക്കൗണ്ടിൽ 31.3.2017-ന്ന 3271947 രൂപ മിച്ചമുണ്ട്. പലിശരഹിതമായ കറന്റ് അക്കൗണ്ടുകൾ ക്ലോസ് ചെയ്യാൻ സർക്കാർ നിർദ്ദേശമുണ്ടായിട്ടും ഭീമമായ തുക കറന്റ് അക്കൗണ്ടിൽ നിലനിർത്തുന്നത് അവസാനിപ്പിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 22/25.9.17 -ക്ക് മറുപടി നൽകിയിട്ടില്ല.

## 3-9 വാറ്റ് ഈടാക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്ത് നടത്തിയ പല പെറ്റി പർച്ചേസുകളിലും വാറ്റ് വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള നിശ്ചിത മാതൃകയിലുള്ള (ഫോം 8ഡി) ഇൻവോയിസ് വൗച്ചറിനോടൊപ്പം ലഭ്യമല്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| വൗച്ചർ നമ്പർ | വാങ്ങിയ സാധനങ്ങൾ/സ്ഥാപനം | തുക |
|---|---|---|
| 21600586/5.1.17 | AE യുടെ ഓഫീസിലേക്ക് സ്കാനർ ലോഗോൺ ഐ.റ്റി സൊല്യൂഷനിൽനിന്നും | 5800 |
| 21600587/5.1.17 | AE യുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ ടേബിളും റിവോൾവിംഗ് ചെയറും ലില്ലീസ് ഫർണ്ണിച്ചർ എന്ന സ്ഥാപനത്തിൽനിന്നും | 5700 |

ഗ്രാമ പഞ്ചായത്ത് നടത്തിയ എല്ലാ പർച്ചേസുകളിലും നിയമപ്രകാരമുള്ള നികുതികൾ ഈടാക്കി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 3-10 ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

1എസ്.സി വിദ്യാർത്ഥികൾക്ക് പഠന മേശ,കസേര വിതരണം

പ്രൊ. നം. 107/17:എസ്.സി വിദ്യാർത്ഥികൾക്ക് പഠന മേശ,കസേര

ബിൽ നം. 3/2016-17 RS. 1,99,056

എസ്.സി വിദ്യാർത്ഥികൾക്ക് പഠന മേശ,കസേര എന്ന പ്രൊജക്ട് ഇനത്തിലുള്ള ചെലവുകൾ താഴെ പറയുന്നവയാണ്

| ചെലവിനം | വില | എണ്ണം | നികുതി@14.5% | ആകെ തുക |
|---|---|---|---|---|
| മേശ | 2377 | 66 | 22748 | 179630 |
| കസേര | 256 | 66 | 2450 | 19346 |
| ആകെ | | | | 1,98,976 |

യാത്രാ ഇനത്തിലുള്ള ചെലവ് RS 80

ആകെ-RS.1,99,056

ഫിഡ്കോ എന്റർ പ്രൈസസ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും 66മേശയും 66 കസേരയും വാങ്ങിയിട്ടുണ്ടെങ്കിലും 54 വിദ്യാർത്ഥികൾക്ക് മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത് .ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം14ന് മറുപടിയായി അനുബന്ധ രേഖകളുടെ ലഭ്യതയിൽ ഉണ്ടായ കാല താമസമാണ് വിതരണം വൈകാൻ കാരണമായത് എന്നും28.09.2017ന് വിതരണം പൂർത്തീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.വിതരണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കുന്നതുവരെ വിതരണം ചെയ്യാത്ത ഫർണിച്ചറുകളുടെ വില 31596/-രൂപയും വിൽപ്പന നികുതി 4581/-രൂപയും തടസ്സം ചെയ്യുന്നു.

3. S S Aവിഹിതം നൽകൽ

1.പ്രൊ. നം. 21/17:എസ്സ് എസ്സ് എ

ബിൽ നം1/2016-17/6-03-17 RS.4,00,000

2.പ്രൊ. നം. 268/17:എസ്സ് എസ്സ് എ ഫണ്ട് എസ് സി വിഹിതം നൽകൽ

ബിൽ നം2/2016-17/6-03-2017 RS.3,00,000

എസ്സ്. എസ്സ്. എ. സമർപ്പിച്ച വിനിയോഗ സാക്ഷ്യപത്ര പ്രകാരം 2016-17സാമ്പത്തിക വർഷത്തിൽ 106.2888 ലക്ഷം ചെലവുണ്ട്( ഗ്രാമ പഞ്ചായത്ത് വിഹിതമായി 7 ലക്ഷം നൽകിയിട്ടുണ്ട്.) ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ജില്ലാ പ്രോജക്റ്റ് ഓഫീസറിൽ നിന്നും വിവരങ്ങൾ ലഭിക്കുന്ന മുറക്ക് സമർപ്പിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. എസ്സ് എസ്സ് എയുടെ മുഴുവൻ ചെലവ് സംബന്ധിച്ച വിശദ വിവരവും പരിശോധനക്കായി അറിയിക്കേണ്ടതാണ്. അതുവരെ ചെലവു തുക 7 ലക്ഷം രൂപ തടസ്സം ചെയ്യുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 11 | 2004-05 | 11 | കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് പൂർത്തീകരണ വിവരമില്ല | നടപടി തുടർന്നു വരുന്നു |
| 2000-01 | 1,520 | 2004-05 | 1,520 | ഫർണിച്ചറും ടി.വി യും വാങ്ങി സാക്ഷരതാ പദ്ധതി അവസാനിച്ചു | നടപടി തുടർന്നു വരുന്നു |
| 2010-11 | 3-9 | 2010-11 | 3(9) | ലഘു അവലോകനം | നടപടി തുടർന്നു വരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,59,74,426 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,28,44,210 |
| വരവിനങ്ങളിലുള്ള നഷ്ടം | 11,045 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 22,62,138 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-5 | 11,045 | - | ശ്രീ.സുനിൽ കുമാർ.പി.പി (സെക്രട്ടറി) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 22,62,138 | ശ്രീ.മൂസ്സ.വി.കെ,അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-10 | 7,36,177 | ശ്രീ.അബ്ദുസ്സമദ്, ഹെഡ്മാസ്റ്റർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-5 | 538 | ശ്രീ.സുനിൽ കുമാർ.പി.പി,സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ്നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുനിൽകുമാർ.പി.പി (സെക്രട്ടറി) | റെക്റ്റിഫിക്കേഷൻ റിപ്പോർട്ടിനോടൊപ്പം ലഭ്യമാക്കേണ്ടതാണ്. | റെക്റ്റിഫിക്കേഷൻ റിപ്പോർട്ടിനോടൊപ്പം ലഭ്യമാക്കേണ്ടതാണ് |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1966-67 | എൽ.എഫ്.എം.906/95തി:26.04.1995 | 2 | |
| 1970-71 | എൽ.എഫ്.എം.907/95തി:26.04.1995 | 2 | |
| 1978-79 | എൽ.എഫ്.എം.910/95തി:26.04.1995 | 4 | |
| 1979-80 | എൽ.എഫ്.എം.911/95 തി:26.04.1995 | 2 | |
| 1980-81 | എൽ.എഫ്.എം.912/95തി:26.04.1995 | 1 | |
| 1981-82 | എൽ.എഫ്.എം.913/95 തി:26.04.1995 | 2 | |

| | | | |
|---|---|---|---|
| 1982-83 | എൽ.എഫ്.എം.914/95തി:26.04.1995 | 3 | |
| 1984-85 | എൽ.എഫ്.എം.915/95 തി:26.04.1995 | 4 | |
| 1985-86 | എൽ.എഫ്.എം.917/95തി:26.04.1995 | 5 | |
| 1986-87 | എൽ.എഫ്.എം.918/95 തി:26.04.1995 | 10 | |
| 1987-88,88-89 | എൽ.എഫ്.എം.919/95തി:26.04.1995 | 17 | |
| 1989-90,90-91 | എൽ.എഫ്.എം.1260/95തി:21.01.1995 | 15 | |
| 1991-92 | എൽ.എഫ്.എം.920/95തി:26.04.1995 | 11 | |
| 1992-93 | എൽ.എഫ്.എം.1088/95തി:01.08.1995 | 6 | |
| 1992-93,94-95 | എൽ.എഫ്.എം.1299/97തി:13.07.1998 | 16 | |
| 1996-97 | എൽ.എഫ്.എം.13/1183/98 തി:03.05.1999 | 30 | |
| 1997-98,98-99, 99-2000 | എൽ.എഫ്.എം.7/1267/03 തി:20.03.2004 | 1 | |
| 2001-02 | എൽ.എഫ്.എം.8/1203/03 തി:23.03.2004 | 9 | |
| 2002-03 | എൽ.എഫ്.എം.8/502/08 തി:10.12.2008 | 11 | |
| 2003-04 | എൽ.എഫ്.എം.15/2297/08 തി:28.08.2009 | 6 | |
| 2004-05 | എൽ.എഫ്.എം.15/2297/08 തി:28.08.2009 | 9 | |
| 2005-06 | എൽ.എഫ്.എം.7/750/11 തി:14.01.2010 | 8 | |
| 2006-07 | എൽ.എഫ്.എം.15/1806/09 തി:15.01.2010 | 19 | |
| 2007-08 | എൽ.എഫ്.എം.7/1228/12 തി:16.11.2012 | 25 | |
| 2008-09 | എൽ.എഫ്.എം.7/1229/12 തി:16.11.2012 | 15 | |
| 2009-10 | എൽ.എഫ്.എം.7/2937/12 തി:17.01.2013 | 21 | |
| 2010-11 | എൽ.എഫ്.എം.7/1759/13 തി:19.11.2013 | 7 | |
| 2011-12, 12-13 | എൽ.എഫ്.എം.7/1759/13 തി:19.11.2013 | 12 | |

| | | | |
|---|---|---|---|
| 2013-14,14-15 | എൽ.എഫ്.എം.7/1625/16തി:14.07.2016 | 14 | |
| 2015-16 | നം .കെ .എസ് .എ.എം.പി.എം.7/3016 /2016തി:17.12.2016 | 14 | |

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

# Annexure 1

# AUDIT CERTIFICATE

KSA-MPM.22/2198/2017

Kerala State Audit Department
District Audit Office,Malappuram

PIN- 676 505 Phone:
0483 2734951

Email- dompm.ksad@kerala.gov.in
Dated 25-10-2017

Certified that I have examined the Annual Financial Statement of Kuzhimanna Grama Panchayat in Malappuram District for the year 2016-17 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Kuzhimanna Grama Panchayat for the year 2016-17 except the observations in my audit report properly present the picture of income and expenditure.

DEPUTY DIRECTOR

MALAPPURAM.

## അനുബന്ധം1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-എം.പി.എം.22/2198/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം
പിൻ- 676 505 ഫോൺ: 0483 2734951

ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി .25-10-2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗ്രാമപഞ്ചായത്തിൻെറ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുഴിമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,

മലപ്പുറം.

എം.എ.11/17